# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 732 | 20.03.2013-ൽ മറുപടി നൽകേണ്ടിയിരുന്നത്

**എൻ.ആർ.എച്ച്.എം. അർബൻ ഹെൽത്ത് പ്രോഗ്രാം സൂപ്പർവൈസർ നിയമനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മോൻസ് ജോസഫ് : | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) എൻ.ആർ.എച്ച്.എം. വഴി അർബൻ ഹെൽത്ത് പ്രോഗ്രാമിൽ എത്ര ജെ.പി. എച്ച്.എൻ-മാരാണ് ജോലി ചെയ്യുന്നത് ; | (എ) 311 പേരെ നിയമിച്ചിട്ടുണ്ട്. |
| (ബി) ഇവർ കൃത്യമായി ജോലി ചെയ്യുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നത് ആരാണ് ; ഇതിനായി സൂപ്പർവൈസറെ നിയോഗിച്ചിട്ടുണ്ടോ ; | (ബി) അതാത് താലൂക്ക് ജില്ലാ ആശുപത്രികളിൽ പ്രവർത്തിക്കുന്ന കുടുംബാസൂത്രണ കേന്ദ്രത്തോട് അനുബന്ധിച്ച് അതാത് ആരോഗ്യ സ്ഥാപനങ്ങളിലെ മേലധികാരിയായ ആശുപത്രി സൂപ്രണ്ട്, കുടുംബാസൂത്രണ മെഡിക്കൽ ഓഫീസർ, അർബൺ ഇമ്മ്യൂണൈസേഷൻ മെഡിക്കൽ ഓഫീസർ, അർബൺ ഇമ്മ്യൂണൈസേഷൻ സൂപ്പർവൈസർ എന്നിവരാണ് മേൽ സൂചിപ്പിച്ച ജീവനക്കാരുടെ പ്രവർത്തനം നേരിട്ട് നിരീക്ഷിക്കുന്നത്. ജില്ലാ ആസ്ഥാനങ്ങളിൽ മേൽ ജീവനക്കാരുടെ പ്രവർത്തനം പ്രതിമാസ അവലോകന യോഗങ്ങളിലൂടെ ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ആർ.സി.എച്ച്. ഓഫീസർ, ജില്ലാ പ്രോഗ്രാം മാനേജർ തുടങ്ങിയവരും വിലയിരുത്തി വരുന്നു. |
| (സി) എങ്കിൽ ഈ സൂപ്പർവൈസർ കൃത്യമായി ജോലിക്ക് ഹാജരാകുന്നുണ്ടോ ഇവരെ നിയമിച്ചതാരാണ് ; ഇതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ ; | (സി) ഉണ്ട്. തിരുവനന്തപുരം, കൊല്ലം, ഇടുക്കി, എറണാകുളം, പാലക്കാട്, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിൽ സൂപ്പർവൈസർമാരെ നിയമിച്ചിട്ടുണ്ട്. ടി ജില്ലകളിൽ ജില്ലാ ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിയാണ് ഇവരെ നിയമിച്ചിരിക്കുന്നത്. ഇടുക്കി, കാസർഗോഡ് ജില്ലകളിൽ നിലവിൽ ഹെൽത്ത് സർവ്വീസിൽ സേവനം അനുഷ്ഠിക്കുന്ന ലേഡി ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് അധിക ചുമതല നൽകുകയും തിരുവനന്തപുരം, കൊല്ലം, എറണാകുളം, പാലക്കാട്, കോഴിക്കോട്, ജില്ലകളിൽ ലേഡി ഹെൽത്ത് ഇൻസ്പെക്ടർ/ഡിസ്ട്രിക്ട് പബ്ലിക് ഹെൽത്ത് നേഴ്സ്/ ലേഡി ഹെൽത്ത് സൂപ്പർവൈസർ എന്നീ തസ്തികകളിൽ നിന്നും വിരമിച്ചവരെയുമാണ് അർബൺ ഹെൽത്ത് സൂപ്പർവൈസറായി നിയമിച്ചിരിക്കുന്നത്. |

(....2)

(ഡി) ഇവരുടെ വിദ്യാഭ്യാസ യോഗ്യത എന്താണ് ; പത്രപരസ്യം നൽകിയിട്ടുണ്ടോ ;

(ഡി) എല്ലാ ജില്ലകളിലും സർക്കാർ നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത യോഗ്യതയുള്ളവർ തന്നെയാണ് അർബൻ ഹെൽത്ത് സൂപ്പർവൈസറായി നിയമിച്ചിട്ടുള്ളത്. പത്രപരസ്യം നൽകിയിട്ടുണ്ട്.

(ഇ) ഇപ്പോഴത്തെ എൻ.ആർ.എച്ച്.എം. സൂപ്പർവൈസർമാർ ആരെങ്കിലും അച്ചടക്കനടപടി നേരിട്ടിട്ടുണ്ടോ ; വകുപ്പുതല നടപടിക്ക് വിധേയമായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

(ഇ) ഇല്ല.

സെക്ഷൻ ഓഫീസർ